**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2408** **15-10-2024 - ൽ മറുപടിയ്ക്ക്**

**ചട്ടം 300 പ്രസ്താവനയിന്മേലുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കഴിഞ്ഞ ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിന്റെ ഭാഗമായി നൽകേണ്ട കുടിശിക, ഡി.എ/ഡി.ആർ കുടിശിക മുതലായവ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി ചട്ടം 300 പ്രകാരം നിയമസഭയിൽ നൽകിയ ഉറപ്പ് പാലിക്കുന്നതിനായി ധനവകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | **ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ അനുഭാവപൂർണമായ നിലപാട് സ്വീകരിക്കുന്നതാണ്. സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകുവാനുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക, ഡി.എ/ഡി.ആർ കുടിശിക എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച ഫയൽ പരിശോധനയിലാണ്. സംസ്ഥാന സർവീസ് പെൻഷൻകാർക്ക് 11-ാം പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക 4 തുല്യ ഗഡുക്കളായി വിതരണം ചെയ്യാനാണ് ഉത്തരവായിരുന്നത്. അതിൽ 3 ഗഡുക്കൾ ഇതിനോടകം പെൻഷൻകാർക്ക് വിതരണം ചെയ്തിട്ടുണ്ട്. ബഹു. മുഖ്യമന്ത്രി ചട്ടം 300 പ്രകാരം നിയമസഭയിൽ അവതരിപ്പിച്ച പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ 4-ാമത്തെ ഗഡു ഈ സാമ്പത്തിക വർഷം തന്നെ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.** |
| (ബി) | മേൽ ഉറപ്പ് നടപ്പാക്കുന്നതിന് എത്ര രൂപ ആവശ്യമായി വരുമെന്ന് ധനവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ? | (ബി) | **സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക ബില്ലുകൾ നാളിതുവരെ സ്പാർക്കിൽ പ്രോസസ്സ് ചെയ്യാത്തതിനാൽ ഈ ഇനത്തിൽ ആകെ എത്ര തുകയാണ് അനുവദിക്കാനുള്ളത് എന്ന ആധികാരിക കണക്ക് ലഭ്യമല്ല. എന്നാൽ ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം ജീവനക്കാർക്കു ശമ്പള പരിഷ്കരണം അനുവദിക്കുന്നതു വഴി പ്രതിവർഷം സർക്കാരിനു ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതയായി കണക്കാക്കിയിരിക്കുന്നതു 3572.13/- കോടി രൂപയാണ്. സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ക്ഷാമബത്ത/ക്ഷാമാശ്വാസ കുടിശ്ശിക ഇനത്തിൽ തുക നൽകാനുണ്ട്. 11-ാം പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ 4-ാമത്തെ ഗഡു** |

| | | | |
|---|---|---|---|
| | | | **അനുവദിക്കുന്നതിനായി ഏകദേശം 572.90 കോടി രൂപ ആവശ്യമായി വരുന്നതാണ്.** |

സെക്ഷൻ ഓഫീസർ